കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):* സർ, ഇടുക്കിയിലെ മറയൂർ, കാന്തല്ലൂർ ഗ്രാമപഞ്ചായത്തു പ്രദേശങ്ങളിലെ കരിമ്പ് കൃഷിതോട്ടങ്ങളിൽ അജ്ഞാതരോഗം ബാധിച്ചത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 29-5-2005-ൽ തമിഴ്നാട് സർവ്വകലാശാലയിലെ ശാസ്ത്രജ്ഞനായ ഡോ. എം. മുകുന്ദൻ കൃഷിവകുപ്പുദ്യോഗസ്ഥൻമാരുമായി സ്ഥലം സന്ദർശിക്കുകയും പരിശോധിക്കുകയും ചെയ്തു. ഇത് ഒരു രോഗമല്ലെന്നും മീലിമൂട്ട, പൂളി എന്നീ കീടങ്ങളുടെ ആക്രമണമാണെന്നും കണ്ടെത്തി. തുടർന്ന് ഉദ്യോഗസ്ഥൻമാരുടെ നിർദ്ദേശപ്രകാരം കീടനാശിനികൾ കർഷകർ തളിച്ചെങ്കിലും കീടാക്രമണം പൂർണ്ണമായി നിയന്ത്രണവിധേയമായിട്ടില്ല. ആയതിനാൽ ഇന്ന് കർഷകർ കേരള കാർഷിക സർവ്വകലാശാലയുടെ പാമ്പാടുംപാറ ഏലഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞനായ ഡോ. എം. ജോസഫ് രാജിന്റെ നേതൃത്വത്തിൽ ഒരുസംഘം പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുന്നുണ്ട്. അവർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കുന്നതും കർഷകർക്ക് വേണ്ടുന്ന സഹായം നൽകുന്നതുമാണ്.

(2) ശ്രീനാരായണഗുരുജയന്തി ദിവസത്തെ സർക്കാർ അവധി സഹകരണ സംഘങ്ങൾക്കും ബാധകമാക്കണമെന്ന ആവശ്യം

ശ്രീ. ഉമേഷ് ചള്ളിയിൽ: സർ, കേരളത്തിലെ സഹകരണമേഖലയിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിൽ ഇപ്പോഴും പലവിധത്തിലുള്ള വിവേചനം നിലനിൽക്കുകയാണ്. രണ്ടുതരത്തിലുള്ള ജീവനക്കാരാണ് സഹകരണ മേഖലയിലുള്ളത്. നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്നവരും അല്ലാത്തവരും. അർബൻ സഹകരണ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവ നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്നവയാണ്. ഇവർക്ക് ബാങ്ക് അവധിദിനങ്ങളാണ് ബാധകം. എന്നാൽ എംപ്ലോയീസ് സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവ ആക്ടിന്റെ പരിധിയിൽ വരാത്ത സ്ഥാപനങ്ങളാണ്. ഇവയുടെ സേവന-വേതന വ്യവസ്ഥകൾ സംസ്ഥാന സർക്കാർ ജീവനക്കാരുടേതിന് തുല്യമാണ്. എന്നാൽ ബഹുഭൂരിപക്ഷം വരുന്ന ജീവനക്കാർക്ക് അർഹതപ്പെട്ട ഗവൺമെന്റ് അവധി ദിനങ്ങൾ ലഭിക്കുന്നില്ല എന്നുള്ള കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ശ്രീനാരായണഗുരുജയന്തിക്കുപോലും ഈ ജീവനക്കാർക്ക് അവധിയില്ല. സർ, നബിദിനം, അംബേദ്കർ ജയന്തി, ഗാന്ധിജയന്തി എന്നീ ദിനങ്ങളിൽ അവധി ലഭിക്കുന്ന സഹകരണ ജീവനക്കാർക്ക് ശ്രീനാരായണഗുരുദേവ ജയന്തിക്കും അവധി ലഭിക്കാൻ അർഹതയുണ്ട്. സഹകരണ മേഖലയിൽ രജിസ്ട്രാർ മുതൽ പ്യൂൺ വരെയുള്ളവർക്ക് ശ്രീനാരായണഗുരുദേവജയന്തിക്ക് അവധി ലഭിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ സഹകരണ മേഖലയിലെ നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ടിന്റെ പരിധിയിൽ വരാത്ത മുഴുവൻ ജീവനക്കാർക്കും ശ്രീനാരായണഗുരുദേവജയന്തി ഉൾപ്പെടെയുള്ള അവധി ലഭിക്കുന്നതിന് നടപടിയുണ്ടാകണം. സർ, നാരായണഗുരുജയന്തി

LIBRARY ARCHIVES Kerala Legislative Assembly

അവധിയാക്കുന്നതു സംബന്ധിച്ച് സഹകരണസംഘം ജീവനക്കാരുടെ സംഘടനകൾ നൽകിയ പരാതിക്ക് 9-9-2004-ൽ വകുപ്പ് സെക്രട്ടറി നൽകിയ മറുപടിയിൽ ഇക്കാര്യം സർക്കാർ നിർദ്ദേശത്തോടെ രജിസ്ട്രാറുടെ അനുവാദത്തോടെ നടപ്പാക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇനി സർക്കാരിന്റെ ഭാഗത്തുനിന്ന് ഒരു നിർദ്ദേശമാണ് വേണ്ടത്. അടിയന്തിരമായി ഇതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും സംഘങ്ങൾക്കും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. അത് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുകയാണെങ്കിൽ വളരെ നന്നായിരിക്കുമെന്ന അഭിപ്രായം എനിക്കുണ്ട്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: സർ, സഹകരണ സംഘങ്ങളിലെ അവധി സംബന്ധിച്ച് അംഗം പ്രകടിപ്പിച്ച നിർദ്ദേശങ്ങൾ ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഗുരുദേവജയന്തി ഗവൺമെന്റ് അവധിയായിട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. നെഗോഷ്യബിൾ ഇൻസ്ട്രമെന്റ് ആക്ട് പ്രകാരം അത് അവധിയായിട്ട് പ്രഖ്യാപിച്ചിട്ടില്ല എന്നുള്ളതാണ് കാരണമെങ്കിൽ നെഗോഷ്യബിൾ ഇൻസ്ട്രമെന്റ് ആക്ടിൻപ്രകാരം ഗുരുദേവജയന്തി അവധിദിനമായി പ്രഖ്യാപിക്കുന്നതാണ്.

(3) പട്ടാമ്പി നിയോജകമണ്ഡലത്തിൽ വിളയൂർ പഞ്ചായത്തിലെ ഭാനുമതിയമ്മയുടെയും രാമചന്ദ്രന്റെയും കൃഷികൾ നശിപ്പിച്ച സംഭവം

ശ്രീ. സി. പി. മുഹമ്മദ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട വിളയൂർ പഞ്ചായത്തിലെ ഊരാച്ചിപ്പടിക്കലിൽ അമേരിക്കയിൽ ജോലിയുള്ള ഭാനുമതി അമ്മയുടെ റബ്ബർതോട്ടവും അതിനുശേഷം ശ്രീ. രാമചന്ദ്രന്റെ വാഴത്തോട്ടവും നശിപ്പിക്കപ്പെട്ടു. ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ കോട്ടപ്പുറത്ത് വ്യാപകമായ കൃഷിവെട്ടിനിരത്തലിന്റെ തുടർച്ചയായിട്ടാണ് വിളയൂരിലും ഈ സംഭവങ്ങൾ ഉണ്ടായത്. ഇതിനെപ്പറ്റി നിഷ്പക്ഷമായി അന്വേഷിക്കണം. ഇതിൽ ചില കാര്യങ്ങളിൽ ദുരൂഹതയുണ്ട്. അതിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടുവന്ന് കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിച്ച് നാശനഷ്ടം വന്ന കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*: ഇത് മുഖ്യമന്ത്രിയുടെ വകുപ്പിൽ വരുന്നതായതുകൊണ്ട് ഞാൻ നോക്കിയില്ല. നാളെ ഇതിനു മറുപടി പറയാം. നഷ്ടപരിഹാരം വെട്ടിനിരത്തലിന് കൊടുക്കുകയില്ല എന്ന് ഇന്നലെ ഞാൻ പറഞ്ഞു. നാച്വറൽ കലാമിറ്റി ആണെങ്കിൽ മാത്രമേ നഷ്ടപരിഹാരം കൊടുക്കാൻ പറ്റൂ. ഒരു കൂട്ടർ കൂടുക, അവർതന്നെ അപ്പുറത്ത് വെട്ടിനശിപ്പിക്കുക, എന്നിട്ട് നഷ്ടപരിഹാരം ചോദിക്കുക, അത് വലിയ വിഷമം ആയിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly